PD A/c

15 YEARS OF CELEBRATING THE MAHATMA

ഭരണഭാഷ - മാതൃഭാഷ

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം,
തീയതി: 24/03/2021

നം.TRY/249/2021-F3

പ്രേഷകൻ
ട്രഷറി ഡയറക്ടർ

സ്വീകർത്താവ്
എല്ലാ ജില്ലാ/സബ് ട്രഷറി ഓഫീസർമാർക്കും

സർ,

വിഷയം: പി.ഡി.അക്കൗണ്ട്-ഐ.എഫ്.എം.എസ് സംവിധാനത്തിലേക്ക് മാറിയത്-റ്റിസിലെ (TIS) നീക്കിയിരുപ്പ് തുകയും കോർ ടി.എസ്.ബി-യിൽ OB+ ആയി ചേർത്ത തുകയും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നത്-പരിഹരിക്കുന്നത്-സംബന്ധിച്ച്.

സൂചന : പാലക്കാട് ജില്ലാ ട്രഷറി ഓഫീസറുടെ 01/01/2021-ലെ എ 3/3/2020 നമ്പർ കത്ത്.

സൂചന ശ്രദ്ധിക്കുക. പി.ഡി. അക്കൗണ്ടുകൾ റ്റിസിൽ നിന്നും കോർ ടി.എസ്.ബി ആപ്ലിക്കേഷനിലേക്ക് മൈഗ്രേറ്റ് ചെയ്യപ്പോൾ ചില പി.ഡി അക്കൗണ്ടുകളുടെ ഓപ്പണിങ് ബാലൻസിൽ (OB+ ആയി) ചേർത്തതിൽ വ്യത്യാസം കണ്ടെത്തിയതായി സൂചന പ്രകാരം പാലക്കാട് ജില്ലാ ട്രഷറി ഓഫീസർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

ഐ.എഫ്.എം.എസ് സംവിധാനത്തിലേക്ക് മാറിയപ്പോൾ എല്ലാ പി.ഡി അക്കൗണ്ടുകളും അനുരഞ്ജനം നടത്തി കോർ ടി.എസ്.ബി-യിലേക്ക് മൈഗ്രേറ്റ് ചെയ്യുവാൻ നിർദ്ദേശിച്ചിരുന്നു. മേൽ സൂചന പ്രകാരം മൈഗ്രേറ്റ് ചെയ്ത ചില പി.ഡി.അക്കൗണ്ടുകളിലെ നീക്കിയിരുപ്പ് തുകയിൽ വ്യത്യാസം വന്നതായി റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ എല്ലാ പി.ഡി.അക്കൗണ്ടുകളിലെയും റ്റിസിലെ നീക്കിയിരുപ്പ് തുക തന്നെയാണോ കോർ ടി.എസ്.ബി.യിൽ OB+ ആയി ചേർത്തിട്ടുള്ളതെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

**റ്റിസിൽ നിന്നും കോർ ടി.എസ്.ബി.യിലേക്ക് മൈഗ്രേറ്റ് ചെയ്യാത്ത പി.ഡി.അക്കൗണ്ടുകൾ നിലവിലുണ്ടെങ്കിൽ** ആയത് ബന്ധപ്പെട്ട അക്കൗണ്ട് അഡ്മിനിസ്ട്രേറ്ററിൽ നിന്നും ലഭിച്ച ആനുവൽ ക്ലോസിങ് ബാലൻസ് സർട്ടിഫിക്കറ്റ് പരിശോധിച്ചതിനു ശേഷം കോർ ടി.എസ്.ബി-യിലേക്ക് മൈഗ്രേറ്റ് ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. റ്റിസിൽ നിന്നും കോർ ടി.എസ്.ബി.യിലേക്ക് മൈഗ്രേറ്റ് ചെയ്യാത്ത പി.ഡി.അക്കൗണ്ടുകളിൽ ശരിയായ നീക്കിയിരുപ്പ് തുകയല്ല കാണുന്നതെങ്കിൽ ആയത് സബ്/ജില്ലാ ട്രഷറി ഓഫീസർമാർ യഥാക്രമം ജില്ലാ ട്രഷറി ഓഫീസർ/മേഖല ഡെപ്യൂട്ടി ഡയറക്ടർമാർ എന്നിവരെ ഇക്കാര്യം ബോധ്യപ്പെടുത്തേണ്ടതും റ്റിസിൽ ടി തുക OB(-) ആയി കുറവ് ചെയ്യേണ്ടതുമാണ്.

കൂടാതെ, **തുടർച്ചയായി മൂന്ന് പൂർണ്ണ സാമ്പത്തിക വർഷങ്ങളിൽ ഇടപാടുകൾ നടക്കാത്ത പി.ഡി. അക്കൗണ്ടുകൾ** കേരള ഫിനാൻഷ്യൽ കോഡ്, വാല്യം I, ആർട്ടിക്കിൾ 282(5)(d) പ്രകാരം ലാപ്സ്ഡ് അക്കൗണ്ടുകളുടെ പട്ടികയിൽ ഉൾപ്പെടുത്തി

## File No.TRY/249/2021-F3

അക്കൗണ്ടന്റ് ജനറലിനെ അറിയിക്കേണ്ടതാണ്. ഇപ്രകാരം ലാപ്സ്ഡ് ആക്കി മാറ്റുമ്പോൾ കോർ ടി.എസ്.ബി.യിൽ പ്രസ്തുത പി.ഡി.അക്കൗണ്ടുകളുടെ നീക്കിയിരുപ്പ് തുക OB(-) ആയി കുറവ് ചെയ്തതിനു ശേഷം അക്കൗണ്ടിന്റെ സ്റ്റാറ്റസ് ക്ലോസ്ഡ് ആക്കേണ്ടതാണ്.

പി.ഡി.അക്കൗണ്ടുകൾക്ക് പ്ലസ് & മൈനസ് മെമ്മോറാണ്ടം തയ്യാറാക്കി അക്കൗണ്ടന്റ് ജനറലിന് സമർപ്പിക്കേണ്ടതുള്ളതിനാൽ മേൽ നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണെന്നും നിർദ്ദേശം പാലിച്ചുകൊണ്ടുള്ള നടപടി റിപ്പോർട്ട് ജില്ലാ ട്രഷറി ഓഫീസർമാർ ബന്ധപ്പെട്ട സബ് ട്രഷറികളിൽ നിന്നുള്ളതു കൂടി ശേഖരിക്കേണ്ടതും ആയത് ക്രോഡീകരിച്ച് 30.04.2021-ന് മുൻപായി **fsec.treasury@kerala.gov.in** എന്ന മെയിൽ ഐ.ഡി-യിൽ ലഭ്യമാക്കുവാനും നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ
**A M JAFAR**
**DIRECTOR**

അംഗീകാരത്തോടുകൂടി
Signature valid
Digitally signed by GIRIKUMAR S
Date: 2021.03.24 12:.. 18 IST
Reason: Approved
സീനിയർ സൂപ്രണ്ട്

Directorate of Treasuries, Krishna buildings, Thycaud.P.O, Thiruvananthapuram, Kerala 695014
www.treasury.kerala.gov.in, Email:keralatreasury@gmail.com
Ph: 0471-2323963,2322712 , FAX:0471-2324229